V. പ്രത്യേക പരാമർശം

11.30 a.m.]

മി. സ്പീക്കർ: ഇപ്പോൾത്തന്നെ സമയം ഒരു മണിക്കൂർ വൈകിയിരിക്കുകയാണ്. ഇവിടെ പല മെമ്പർമാരും ഓരോ കത്ത് തന്നിട്ടുണ്ട്. ബഹുമാന്യരായ പി. സി. ജോർജ്, പി. എസ്. സുപാൽ, എ. കെ. ബാലൻ, ഇവരൊക്കെ കത്ത് തന്നിട്ടുണ്ട്. ഇവർ തന്ന കത്തുകളിൽ ഒരു മന്ത്രി രാജിവച്ചു എന്ന് ടെലിവിഷനിൽ കണ്ടു എന്നാണ് പറയുന്നത്. ..... (ബഹളം). Please take your seat. ഇതിപ്പോൾ ചർച്ച ചെയ്യേണ്ട വിഷയമല്ല. ഔദ്യോഗികമായി ഏതെങ്കിലും ഒരു മന്ത്രി രാജിവച്ചതായുള്ള വിവരം ചെയറിന് ലഭിച്ചിട്ടില്ല. അത് ലഭിക്കുമ്പോൾ അതിനെപ്പറ്റി പറയാം. .....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ സഭയെ ഇപ്പോൾ അറിയിക്കേണ്ടതായ ഒരു സംഭവവികാസമില്ല. ഈ സഭയെ വിശ്വാസത്തിൽ എടുത്തുകൊണ്ട് സഭയെ അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കേണ്ട സമയത്ത് ആ ഉത്തരവാദിത്വം നിറവേറ്റുകതന്നെ ചെയ്യും. .....(ബഹളം).....

മി.സ്പീക്കർ: മെമ്പർമാരുടെ അവകാശം ഇവിടെ നിഷേധിക്കാൻ ഉദ്ദേശിക്കുന്നില്ല. ദയവായി കേൾക്കണം, അടിയന്തിരപ്രമേയം തന്നു. ധാരാളം സമയം തന്നു. പതിവിലധികം സബ്മിഷൻസ് തന്നു. ഒരു മണിക്കൂർ നമ്മൾ ലേറ്റാണ്. ഇവിടെ അഞ്ചാറ് ആളുകൾ ഒരേ വിഷയം കൊണ്ടുവന്നു. അവർ അഞ്ച് മിനിട്ട് വീതം ഇതിനെക്കുറിച്ച് സംസാരിച്ചു. അവരുടെ ആവശ്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തി. അക്കാര്യത്തിൽ ചെയറിന്റെ പ്രതികരണം പറഞ്ഞു, റൂളിംഗ് പറഞ്ഞു. അതായത് ശ്രീ. പി. സി. ജോർജും, ശ്രീ. സുപാലും ശ്രീ. ബിനോയ് വിശ്വവും, ശ്രീ. എ. കെ. ബാലനും, ശ്രീ. രാജു എബ്രഹാമും എന്റെ കയ്യിൽ തന്നിട്ടുള്ള നോട്ടുകളെല്ലാം കോമണാണ്. അത് പ്രതിപാദിക്കുന്നത് സാംസ്ക്കാരിക വകുപ്പുമന്ത്രിയുടെ രാജിക്കാര്യത്തെ സംബന്ധിച്ചാണ്. നിങ്ങൾ ആറ് പേരും പറഞ്ഞ കാര്യങ്ങൾ ഉന്നയിച്ചതായി പരിഗണിച്ചുകൊണ്ട് അതിനെ സംബന്ധിച്ച ചെയറിന്റെ റൂളിംഗ് നൽകുകയാണ്. ഈ നിമിഷം വരെ ഏതെങ്കിലും മന്ത്രി രാജിവച്ചു എന്ന ഔദ്യോഗികമായ വിവരം ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചെയറിന് അക്കാര്യത്തിൽ സഭയെ അറിയിക്കേണ്ട യാതൊരു വിവരവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രതികരണവും പറഞ്ഞുകഴിഞ്ഞു. ഇനി വെറുതെ കുറേ സമയം ചെലവഴിക്കുന്നതിൽ അർത്ഥമില്ല.

LIBRARY ARCHIVES Kerala Legislative Assembly